**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2579** **04-03-2025 - ൽ മറുപടിയ്ക്ക്**

**മണ്ണ് നീക്കം ചെയ്യുന്നതിൽ ഉണ്ടായിരിക്കുന്ന തർക്കത്തിന് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഇടുക്കി തൊടുപുഴ ഓലമറ്റം കുമ്പളപ്പറമ്പിൽ വീട്ടിൽ ശ്രീ.ജോബ് കെ. ജേക്കബ്ബ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഇടുക്കി ഓഫീസിലെ അനുമതിയോടെ വീട്ടു വയ്ക്കുന്നതിന് മണ്ണ് നീക്കം ചെയ്യുകയും സാമ്പത്തിക പ്രയാസംമൂലം ഭൂമിയുടെ ഒരുഭാഗം വിൽക്കുകയും ചെയ്തതിനുശേഷം മണ്ണ് നീക്കം ചെയ്തതിനെതിരെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഇടുക്കി ഓഫീസിൽ നിന്നും നോട്ടീസ് ലഭ്യമായതിനെത്തുടർന്ന് ടിയാൻ ബഹു. വ്യവസായ വകുപ്പ മന്ത്രിക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അനധികൃത മണ്ണ് ഖനനത്തിന് ഇടുക്കി ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ. ജോബ്. കെ. ജേക്കബ് സർക്കാരിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപ്പീൽ അപേക്ഷയുമായി ബന്ധപ്പെട്ട് 11/03/2025 ന് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി ഹർജിക്കാരനേയും, മൈനിംഗ് & ജിയോളജി ഉദ്യോഗസ്ഥരെയും നേരിൽ കേൾക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തി ലാണ് തുടർ നടപടികൾ സ്വീകരിക്കുന്നത്. |
| (ബി) | ഇതുസംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഇടുക്കി ഓഫീസിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഉണ്ട്, പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത ഓഫീസിൽ പരാതിക്കാരനെ നേരിൽ കേൾക്കാൻ തയ്യാറായിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | അനധികൃത ഖനനത്തിന് ഇടുക്കി ജിയോളജി ഓഫീസിൽ നിന്ന് 05.09.2023- ന് അപേക്ഷകന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുവെങ്കിലും ടിയാൻ ആയതിന് വിശദീകരണം നൽകുകയുണ്ടായില്ല. എന്നാൽ കാരണം കാണിക്കൽ നോട്ടീസിന് ശേഷം ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ച വേളയിലാണ് ജില്ലാ ഓഫീസിൽ 13.02.2025 ൽ ഹാജരായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ അപേക്ഷകനെ നേരിൽ കേട്ടിട്ട് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത വകുപ്പ് ഡയറക്ടർ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സത്വരം റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: DOIDU-DMG/11/2023-M

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്
ജില്ലാ ഓഫീസ്, ഇടുക്കി
മിനി സിവിൽസ്റ്റേഷൻ, തൊടുപുഴ-685584
Phone: 04862 225480
e-mail: geo.idu.dmg@kerala.gov.in

തീയതി: 03.01.2025

ജിയോളജിസ്റ്റ്
ഇടുക്കി

ഡയറക്ടർ
മൈനിംഗ് ആന്റ് ജിയോളജി

സാർ,

വിഷയം:- ധനിയും ധനിജങ്ങളും – ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ്, കുമ്പളപ്പറമ്പിൽ (H) - കെട്ടിട നിർമ്മാണം – സാധാരണ മണ്ണ് ഗതാഗതം ചെയ്യുന്നതിന് മിനറൽ ട്രാൻസിറ്റ് പാസ്സ് അനുവദിച്ചത് – അനധികൃത ഖനനം കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തത് – തുടർനടപടികൾ - അപ്പീൽ - മറുപടി നല്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 1957- ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട്.
2. 2015- ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളും ഭേദഗതിയും.
3. 2015- ലെ കേരള മൈനർ & മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലിഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളും ഭേദഗതിയും.
4. 06.01.2023 ലെ ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ്, കുമ്പളപ്പറമ്പിൽ (H) എന്നീ വ്യക്തികളുടെ അപേക്ഷ.
5. 21.01.2023 ലെ സ്ഥലപരിശോധന.
6. 19.04.2023 ലെ ഈ ഓഫീസിലെ 9/2023-24/OE/DOIDU-DMG/11/2023-M നമ്പർ നടപടി ഉത്തരവ്.
7. 18.05.2023 ലെ തൊടുപുഴ തഹസിൽദാരുടെ TLKTDP/2165/2023-F6 നമ്പർ കത്തും ഉള്ളടക്കവും
8. 01.07.2023 ലെ സ്ഥലപരിശോധന
9. 11.08.2023 ൽ ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ് എന്നീ വ്യക്തികൾക്ക് നല്കിയ ഇതേ നമ്പർ നോട്ടീസ്
10. 05.09.2024 ലെ മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 400574/BPRL01/GPO/2024/2590/(1) നമ്പർ കത്ത്
11. 09.09.2024 ലെ ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ് എന്നീ വ്യക്തികളുടെ അപേക്ഷ
12. 28.09.2024 ൽ അനധികൃത ഖനനം, തറ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ് എന്നീ വ്യക്തികൾക്ക് ഇതേ നമ്പരിൽ നല്കിയ രണ്ട് ഡിമാൻഡ് നോട്ടീസുകൾ

13. 12.11.2024 ലെ മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 400574/BPRL01/GPO/2024/3289/(1) നമ്പർ കത്ത്
14. 06.12.2024 ലെ ആ ഓഫീസിലെ DMG/3261/2024-M4 നമ്പർ കത്തും ഉള്ളടക്കവും

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 10, സർവ്വേ നമ്പർ 348/5, 348/5-1, 348/5-2 എന്നിവയിൽപ്പെട്ട 0.868 ഹെക്ടർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സൂചന (4) പ്രകാരം ലഭിച്ച ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ്, കുമ്പളപ്പറമ്പിൽ (H), ഒളമറ്റം, തൊടുപുഴ എന്നീ വ്യക്തികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ **3693.31 ക്യൂബിക് മീറ്റർ സാധാരണ മണ്ണ്** നീക്കം ചെയ്യുന്നതിന് സൂചന (6) പ്രകാരം ടി വ്യക്തികൾക്ക് അനുമതി നൽകിയിരുന്നു. ടി സ്ഥലത്ത് നാളിതുവരെ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്തിയിട്ടില്ലെന്ന് സൂചന (10), (11) എന്നിവ പ്രകാരം പഞ്ചായത്ത് സെക്രട്ടറിയും സ്ഥലമുടമകളും അറിയിച്ചിട്ടുള്ളതാണ്. കെട്ടിട നിർമ്മാണത്തിന് മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി ലഭിച്ചവർ ഒരു വർഷത്തിനകം കെട്ടിടത്തിന്റെ അടിത്തറയെങ്കിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത പക്ഷം ടി സ്ഥലത്ത് നിന്നും നീക്കം ചെയ്ത ധാതുവിന്റെ റോയൽറ്റിയുടെ 5 മടങ്ങ് പിഴയായി ഈടാക്കുന്നതിന് സൂചന (2) ചട്ടങ്ങളിലെ ചട്ടം 14(7) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലാണ് അനുമതി ലഭിച്ച **3693.31 ക്യൂബിക് മീറ്റർ മണ്ണിന്റെ റോയൽറ്റിയുടെ അഞ്ചിരട്ടി തുകയായ 14,77,325/- രൂപ (പതിനാല് ലക്ഷത്തി എഴുപത്തേഴായിരത്തി മുന്നൂറ്റി ഇരുപത്തഞ്ച് രൂപ)** സർക്കാരിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ട് എന്ന വിവരം അറിയിച്ച് സൂചന (12) പ്രകാരം സ്ഥലമുടമകൾക്ക് ഡിമാൻഡ് നോട്ടീസ് നല്കിയിട്ടുള്ളത്.

കൂടാതെ, സ്ഥലത്ത് അനുമതിക്ക് വിരുദ്ധമായി ഖനനം നടത്തിയതായ സൂചന (7) പ്രകാരം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സൂചന (8) പ്രകാരം നടത്തിയ പരിശോധനയിൽ ടി സ്ഥലത്ത് പഞ്ചായത്ത് അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള അളവിൽ നിന്ന് അധികമായി **309.78 ക്യൂബിക് മീറ്റർ സാധാരണ മണ്ണ്** ഖനനം ചെയ്ത് നീക്കിയതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അനധികൃതമായി ധാതുക്കൾ ഖനനം ചെയ്യുന്നത് സൂചന (1) ആക്ടിലെ സെക്ഷൻ 4(1) പ്രകാരം കുറ്റകരവും ആയതിന് ടി ആക്ടിലെ സെക്ഷൻ 21(1) അനുസരിച്ച് അഞ്ചു വർഷം വരെ തടവും അഞ്ചു ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റവുമാണ്. കൂടാതെ, അനധികൃതമായി ഖനനം ചെയ്ത് നീക്കിയ ധാതുവിന്റെ റോയൽറ്റിയും വിലയും മേപ്പടി ആക്ടിലെ സെക്ഷൻ 21(5), സൂചന (2) ചട്ടങ്ങളിലെ ചട്ടം 108(2) എന്നിവ പ്രകാരം സ്ഥലമുടമയിൽ നിന്നും സർക്കാരിലേക്ക് ഈടാക്കാവുന്നതാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് സൂചന (9) പ്രകാരം നല്കിയ നോട്ടീസും സൂചന (12) പ്രകാരം ഡിമാൻഡ് നോട്ടീസും നല്കിയിട്ടുള്ളതാണ്. അനധികൃതമായി ഖനനം ചെയ്തുനീക്കിയ **309.78 ക്യൂബിക് മീറ്റർ** മണ്ണിന് റോയൽറ്റി ഇനത്തിൽ 24,782.4/- രൂപയും (ക്യൂബിക് മീറ്ററിന് 80 രൂപ നിരക്കിൽ), വിലയിനത്തിൽ 99,129.6/- രൂപയും (ക്യൂബിക് മീറ്ററിന് 320 രൂപ നിരക്കിൽ) ഉൾപ്പെടെ **1,23,912/-** രൂപയും സർക്കാർ നിശ്ചയിച്ച സ്ലാബ് പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസും ചേർത്ത് ഒടുക്കേണ്ടതാണ് എന്ന് അറിയിച്ച് നോട്ടീസ് നല്കിയിട്ടുള്ളതാണ്. ആയതിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിൽ, കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് പകരം ടി സ്ഥലം ശ്രീ. ജോസഫ് തോമസ്, ശ്രീമതി ഷൈനി മാത്യു, കുന്നപ്പിള്ളിൽ (H) എന്നിവർക്കും ശ്രീ. ആൽബിൻ ജോസഫ്, ശ്രീ. ജോമോൻ മാത്യു, മൂലശ്ശേരിൽ (H) എന്നിവർക്കുമായി മറിച്ചു വിറ്റിട്ടുള്ളതായും സൂചന (10), (13) എന്നിവ പ്രകാരം സെക്രട്ടറി, മണക്കാട് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളതാണ്. എന്നീ വിവരങ്ങൾ സവിനയം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജിയോളജിസ്റ്റ്

"ഭരണഭാഷ – മാതൃഭാഷ"

നമ്പർ: DOIDU-DMG/11/2023-M

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്
ജില്ലാ ഓഫീസ്, ഇടുക്കി
മിനി സിവിൽസ്റ്റേഷൻ, തൊടുപുഴ-685584
Phone: 04862 225480
e-mail: geo.idu.dmg@kerala.gov.in
തീയതി: 27.02.2025

ജിയോളജിസ്റ്റ്
ഇടുക്കി

ഡയറക്ടർ
മൈനിംഗ് ആന്റ് ജിയോളജി

സർ,

വിഷയം:- ധനിയും ധനിജങ്ങളും - ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ്, കുമ്പളപ്പറമ്പിൽ (H) - കെട്ടിട നിർമ്മാണം - സാധാരണ മണ്ണ് ഗതാഗതം ചെയ്യുന്നതിന് മിനറൽ ട്രാൻസിറ്റ് പാസ്സ് അനുവദിച്ചത് - അനധികൃത ഖനനം കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തത് - ഡിമാന്റ് നോട്ടീസുകൾ അയച്ചത് -റിപ്പോർട്ട് നല്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 1957- ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട്.
2. 2015- ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളും ഭേദഗതിയും.
3. 2015- ലെ കേരള മൈനർ & മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലിഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളും ഭേദഗതിയും.
4. 06.01.2023 ലെ ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ്, കുമ്പളപ്പറമ്പിൽ (H) എന്നീ വ്യക്തികളുടെ അപേക്ഷ.
5. 06.12.2024 ലെ അങ്ങയുടെ ഓഫീസിലെ ഡിഎംജി/3261/2024-എം4 നമ്പർ കത്ത്.
6. 03.01.2025 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 10, സർവ്വേ നമ്പർ 348/5, 348/5-1, 348/5-2 എന്നിവയിൽപ്പെട്ട 0.868 ഹെക്ടർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സൂചന (4) പ്രകാരം ലഭിച്ച ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ്, കുമ്പളപ്പറമ്പിൽ (H), ഒളമറ്റം, തൊടുപുഴ എന്നീ വ്യക്തികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ **3693.31 ക്യൂബിക് മീറ്റർ സാധാരണ മണ്ണ്** നീക്കം ചെയ്യുന്നതിന് ടി വ്യക്തികൾക്ക് ഈ ഓഫീസിൽ നിന്നും അനുമതി നൽകിയിരുന്നു. ടി സ്ഥലത്ത് അനധികൃത ഖനനം നടത്തിയതുമായി ബന്ധപ്പെട്ടും, ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തതുമായി ബന്ധപ്പെട്ടും രണ്ട് ഡിമാന്റ് നോട്ടീസുകൾ ഈ ഓഫീസിൽ നിന്നും ടി വ്യക്തികൾക്ക് നൽകിയിട്ടുള്ളതാണ്. രണ്ട് ഡിമാന്റ് നോട്ടീസ് നൽകിയത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് ലഭിച്ച സൂചന (5) പ്രകാരമുള്ള കത്തിന് സൂചന (6) പ്രകാരം ഈ ഓഫീസിൽ നിന്നും മറുപടി അയച്ചിട്ടുള്ളതാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്യാൻ അനുവദിച്ച അളവിൽ കൂടുതൽ മണ്ണ് നീക്കം ചെയ്തതിന് സൂചന (1) ആക്ടിലെ സെക്ഷൻ 4(1), 21(1) പ്രകാരമാണ് ഒന്നാമത്തെ ഡിമാന്റ് നോട്ടീസ് നൽകിയത്. മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ

12.11.2024 തീയതിയിലെ കത്തിൽ, അപേക്ഷകരായ ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ ജേക്കബ് എന്നീ വ്യക്തികൾ ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതതായും, കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് പകരം സ്ഥലം മറിച്ച് വില്പന നടത്തിയതായും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തതുമായി ബന്ധപ്പെട്ട സൂചന (2) ചട്ടങ്ങളിലെ ചട്ടം 14(7) പ്രകാരമാണ് രണ്ടാമത്തെ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്. അപേക്ഷകർ 13.02.2025 തീയതിയിൽ ഈ ഓഫീസിൽ നേരിട്ട് ഹാജരാവുകയും, പ്രസ്തുത വിവരങ്ങൾ ടി വ്യക്തികളെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ വിവരങ്ങൾ അങ്ങയുടെ അറിവിനും തുടർനടപടികൾക്കുമായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

27.02.2025

ജിയോളജിസ്റ്റ്